## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 28.08.2024 മുതൽ 01.09.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 35/2024 (69) ചൊവ്വാഴ്ച | തീയ്യതി 27/08/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 28.08. 2024 | 29.08. 2024 | 30.08. 2024 | 31.08. 2024 | 01.09.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 2 | 2 | 15 | 8 | 2 |
| ഉയർന്ന താപനില (°C) | 30 | 31 | 31 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 9 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 270 | 250 | 270 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 7 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | - | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | ബാക്ടീരിയൽ വാട്ടം | പ്രതിരോധ മാർഗമെന്നോണം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| നെല്ല് (വിരിപ്പ്) പൂക്കുന്നസമയം | നെല്ലിലെ കറവൽ | ഒരു ലിറ്റർ വെള്ളത്തിൽ 0.4 ഗ്രാം നേറ്റിവോയും 10 ഗ്രാം 13:0:45 ഉം (പൊട്ടാസിയം നൈട്രേറ്റ്) ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | പരിപാലനം | മഴക്കാലത്ത് തടം തുറന്ന് ഓരോ വലിയ തെങ്ങിനും 25 കി.ഗ്രാം. മുതൽ 50 കി.ഗ്രാം. വരെ ജൈവവളം ഇട്ടു കൊടുക്കാവുന്നതാണ്. തടത്തിൽ വെള്ളക്കെട്ടുണ്ടാകാതെ ജലനിർഗമന മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. |
| പച്ചക്കറികൾ | ഇലപ്പേനുകൾ (നഴ്സറിയിൽ) | തുടക്കത്തിൽ തന്നെ ലെക്കനിസീലിയം (വെർട്ടിസീലിയം) 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കുക. നീലാ പശകെണി ഉപയോഗിക്കാം. കീടബാധയുള്ള തൈകളിൽ തയാക്ലോപ്രൈഡ് 21.7 SC 4.5 മി.ലി. 10 ലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കാം. |
| മരചീനി | വേര് ചീയൽ | കൃഷിയിട ശുചീകരണം; വിളപരിക്രമണം; നീർവാർച്ച ക്രമീകരിക്കുക; ചെടിയൊന്നിന് 150-250 ഗ്രാം കുമ്മായം ചേർക്കുക; രോഗമില്ലാത്ത കമ്പ് മാത്രം നാടാൻ ഉപയോഗിക്കുക; ചെടിയൊന്നിന് 20 ഗ്രാം വേപ്പിൻ പിണ്ണാക്ക് ഇടുക; 1 കി. ഗ്രാം. ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകം നൽകുക; നടീൽ വസ്തു 0.1 % കാർബെൻഡാസിം അല്ലെങ്കിൽ കാർബെൻഡാസിം-മാങ്കോസെബ് കുമിൾനാശിനി മിശ്രിതത്തിൽ (0.2%) 10 മിനിറ്റ് മുക്കി വച്ച ശേഷം നടുക; അതോടൊപ്പം ഇതേ കുമിൾനാശിനികളിൽ ഏതെങ്കിലും നടീൽ സമയം മുതൽ 15 ദിവസ ഇടവേളകളിൽ 3 പ്രാവശ്യം തളിച്ച് കൊടുക്കുക. |

മൃഗസംരക്ഷണം-: കുരലടപ്പൻ, കുളമ്പു രോഗങ്ങൾക്ക് എതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് എടുക്കുക. തൊഴുത്തിലോ, പരിസരത്തോ എലി ശല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS, KVASU, Mannuthy)